കാഷ്മീരിലെ ചാവേർ ആക്രമണം വേദനാജനകം: കെ.വി. തോമസ്

കൊച്ചി: കാഷ്മീരിൽ ചാവേർ ആക്രമണത്തിൽ 30 ഇന്ത്യൻ ജവാന്മാർ വീരമൃത്യു വരിച്ച സംഭവം അത്യന്തം വേദനാജനകവും ഉത്കണ്ഠയുളവാക്കുന്നതുമാണെന്നു കെ.വി. തോമസ് എംപി. ഇന്ത്യൻ അതിർത്തിയിൽ പാക്കിസ്ഥാൻ വീണ്ടും അശാന്തിയുടെ നാളുകൾ സൃഷ്ടിക്കുകയാണ്.

ഇത് ആർക്കും ഗുണകരമല്ല. പാക്ക് സൈന്യത്തിന്റെ ഭീകരാക്രമണത്തെ ഒറ്റക്കെട്ടായി നേരിടാനുള്ള ആത്മവിശ്വാസം ഇന്ത്യൻ സൈന്യത്തിനുണ്ട്. ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാന്മാരുടെ കുടുംബാംഗങ്ങളെ കെ.വി.തോമസ് അനുശോചനം അറിയിച്ചു.

തപസ്യ കലാസാഹിത്യവേദി സംസ്ഥാന വാർഷികം

കൊച്ചി: തപസ്യ കലാസാഹിത്യവേദിയുടെ സംസ്ഥാന വാർഷിക സമ്മേളനം എളമക്കര ഭാസ്കരീയത്തിൽ 16, 17 തീയതികളിൽ നടക്കും. സമ്മേളനത്തോടനുബന്ധിച്ച്തപസ്യ സ്ഥാപക നേതാവ് എം.എ. കൃഷ്ണന്റെ നവതി സമാദരണ സദസ് സംഘടിപ്പിക്കുമെന്നും സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

കലിഫോർണിയ വാർത്താപോർട്ടലായ പി ഗുരൂസ് ചീഫ് എഡിറ്റർ ശ്രീഅയ്യർ ഉദ്ഘാടനം ചെയ്യും. പി. വത്സല മുഖ്യപ്രഭാഷണം നടത്തും. പി. നാരായണ കുറുപ്പ് അധ്യക്ഷത വഹിക്കും. ആഷാ മേനോൻ വിഷയാവതരണം നടത്തും. പി.പി. ശ്രീധരനുണ്ണി, പ്രഫ. ശ്രീധരനുണ്ണി, പ്രഫ. അമ്പലപ്പുഴ ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും. കാവ്യകേളി, എം.പി. ശങ്കുണ്ണിനായർ അനുസ്മരണ യോഗം, വിചാര സഭ എന്നിവ നടക്കും. യുവ സാഹിത്യപ്രതിഭകൾക്കുള്ള ദുർഗാദത്ത പുരസ്കാരം കാവാലം അനിലിന് കൈമാറും. വൈകിട്ട് ഏഴിന് മേജർസെറ്റ് കഥകളി രുഗ്മാംഗദചരിത്രം അരങ്ങേറും.

17 ന് നടക്കുന്ന നവതി സമാദരണ സഭ ഗ്രന്ഥകാരൻ പ്രഫ. മകരന്ദ് പരാഞ്ജപെ ഉദ്ഘാടനം ചെയ്യും. കവി അക്കിത്തം അധ്യക്ഷത വഹിക്കും. ബാബാ യോഗേന്ദ്രജി, എം.എ. കൃഷ്ണനെ അനുമോദിക്കും. പത്രസമ്മേളനത്തിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രഫ. പി.ജി. ഹരിദാസ്, ജനറൽ സെക്രട്ടറി സി. രജിത് കുമാർ, സംസ്കാർ ഭാരത് ക്ഷേത്രീയ സംയോജക് കെ. ലക്ഷ്മി നാരായണൻ എന്നിവർ പങ്കെടുത്തു.

ഐസോല ദേശീയ സമ്മേളനം ഇന്നും നാളെയും കൊച്ചിയിൽ

കൊച്ചി: ഇന്ത്യൻ സൊസൈറ്റി ഓഫ് ലാൻഡ്സ്കേപ് ആർക്കിടെക്റ്റ്സിന്റെ (ഐസോല) 13-മത് വാർഷിക സമ്മേളനം ഇന്നും നാളെയുമായി കൊച്ചിയിലെ ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടിയിൽ നടക്കും. റീഇമാജിനിംഗ് ലാൻഡ്സ്കേപ്സ്, ഐഡന്റിറ്റി, അപ്രോച്ച്, സ്റ്റ്യുവഡ്ഷിപ്പ് എന്നതാണ് സമ്മേളനത്തിന്റെ പ്രമേയമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ആറ് പ്രസന്റേഷനുകളും നാല് ഇന്റർനാഷീവ് ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളും സമ്മേളനത്തിൽ അവതരിപ്പിക്കും. കൊച്ചിയിലേയും പരിസരപ്രദേശങ്ങളിലേയും ഭൂപ്രകൃതിയും സംസ്കാരവും അടുത്തറിയുന്നതിനായി സമ്മേളനാംഗങ്ങൾക്കായി മൂന്ന് യാത്രകളും ഒരുക്കിയിട്ടുണ്ട്.

ജീവിക്കുന്ന ജലം, നട്ടുപിടിപ്പിക്കാത്ത ഉദ്യാനങ്ങൾ, പ്രകൃതി യോടിണങ്ങുന്ന ഡ്രെയ്നേജ് ഡിസൈൻ, ലാൻഡ്സ്കേപ്പ് ഇൻസ്റ്റലേഷനുകൾ എന്നീ വിഷയങ്ങളിലാണ് ശിൽപ്പശാലകൾ. ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ മേഖലയെ വിപുലീകരിക്കുകയാണ് 2003-ൽ സ്ഥാപിച്ച ഐസോലയുടെ ലക്ഷ്യം.

ഐസോല കോൺഫറൻസ് കൺവീനർ സെബാസ്റ്റ്യൻ ജോസ്, കേരള ചാപ്റ്റർ പ്രതിനിധി രോഹിണി പ്രസാദ്, ദേശീയ പ്രസിഡന്റ് സുജാത കോഹ് ലി, സെക്രട്ടറി നിധി മദൻ, വൈസ് പ്രസിഡന്റ് ശ്രീദേവി റാവു എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ദ്വീപുകളിലെ കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ്

ഫയർ എൻജിനുകൾക്കുള്ള റോഡ് വേണമെന്നു പറയാനാവില്ല: ഹൈക്കോടതി

കൊച്ചി: ദ്വീപുകളിലെ കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ ഫയർ എൻജിനുകൾക്ക് കരയിൽ നിന്ന് ദ്വീപിലേക്ക് സഞ്ചരിക്കാൻ കഴിയുന്ന റോഡ് വേണമെന്നു പറയാനാവില്ലെന്ന് ഹൈക്കോടതി. ആലപ്പുഴ മുല്ലക്കൽ വില്ലേജിലെ ദ്വീപിൽ നിർമിക്കുന്ന റിസോർട്ടിന് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് നിഷേധിച്ചതിനെതിരേ വൈറ്റിലയിലെ വികെഎൽ റിസോർട്ട്സ് നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ നിരീക്ഷണം. ദ്വീപുകളിലേക്ക് ജലപാതയുണ്ടെങ്കിൽ പാലം വേണമെന്നു പറയാനും ഫയർ ഫോഴ്സിനു കഴിയില്ലെന്ന് ഹൈക്കോടതി പറഞ്ഞു.

ദ്വീപിലെ ആറു നിലകളുള്ള റിസോർട്ട് കെട്ടിടത്തിനു അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ കോട്ടയം ഡിവിഷണൽ ഫയർ ഓഫീസർ നിരസിച്ചിരുന്നു. ദ്വീപിലേക്ക് റോഡില്ലെന്നും ജലപാത മതിയായതല്ലെന്നുമാണ് കാരണമായി പറഞ്ഞിരുന്നത്. എന്നാൽ യാത്രായോഗ്യമായ ജലപാതയും ബോട്ടു ജെട്ടിയും ഉണ്ടെങ്കിൽ അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റ് നൽകാമെന്ന് മുനിസിപ്പൽ ചട്ടത്തിൽ പറയുന്നുണ്ട്.

ആ നിലയ്ക്ക് ദ്വീപിലേക്ക് റോഡ് വേണമെന്ന് ഫയർ ഫോഴ്സ് അധികൃതർക്ക് പറയാനാവില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഫയർ ഫോഴ്സ് വാഹനങ്ങൾക്ക് അത്യാവശ്യ ഘട്ടത്തിൽ കരയിൽ നിന്ന് ദ്വീപിലേക്ക് വരാൻ ജങ്കാർ സൗകര്യം ഒരുക്കാമെന്ന് ഹർജിക്കാരനും വ്യക്തമാക്കി. ഈ സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷ വീണ്ടും പരിഗണിച്ച് തീരുമാനമെടുക്കാൻ ഹൈക്കോടതി നിർദേശിച്ചു.

മാത്രമല്ല, ദ്വീപിലെ കെട്ടിടത്തിന് അഗ്നിസുരക്ഷ ഒരുക്കാൻ വലിയ ജലസംഭരണിയൊരുക്കി വെള്ളം ശേഖരിച്ചു വയ്ക്കുന്നതടക്കമുള്ള മാർഗങ്ങൾ ഏർപ്പെടുത്താനാവുമെന്നും ഹൈക്കോടതി വ്യക്തമാക്കി.

സർക്കാരിന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് ജനസേവ

ആലുവ: കുട്ടികളെ ഏറ്റെടുത്തെന്ന് അവകാശപ്പെടുന്നെങ്കിലും അവർക്ക് ഒരു നേരത്തെ ഭക്ഷണം പോലും സർക്കാർ ഏജൻസികൾ നൽകിയില്ലെന്ന ആരോപണവുമായി ജനസേവ ശിശുഭവൻ ഭാരവാഹികൾ.

ബോയ്സ് ഹോമിലും ഗേൾസ് ഹോമിലും സർക്കാർ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉണ്ടെന്നല്ലാതെ കുട്ടികളുടെ ഒരാവശ്യങ്ങളും നിറവേറ്റുന്നില്ല. സർക്കാർ ഇടപെടലുണ്ടായതോടെ സന്മനസുള്ളവരുടെ സഹായവും നിലച്ചെന്ന് ജനസേവ ചെയർമാൻ ജോസ് മാവേലി പറഞ്ഞു. കഴിഞ്ഞ മേയ് 20 നാണ് ജനസേവയിലെ കുട്ടികളെ സർക്കാർ ഏറ്റെടുത്തത്.

62 കുട്ടികളെ കാണാനില്ലെന്ന് പറഞ്ഞാണ് ജനസേവ ഏറ്റെടുത്തത്. എന്നാൽ ഈ ആരോപണം ശരിയായിരുന്നില്ലെന്ന് പിന്നീട് തെളിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

പത്തു വർഷത്തെ വരവ് ചെലവ് കണക്കുകളിൽ ദുരൂഹതയുണ്ടെന്ന വാദവും വ്യാജമാണ്. ഏറ്റെടുത്ത സമയത്ത് പറഞ്ഞ ആരോപണങ്ങൾ ഇപ്പോൾ പറയുന്നില്ലെന്നും ജോസ് മാവേലി പറഞ്ഞു.

പ്രകാശനം ചെയ്തു

മൂവാറ്റുപുഴ: ഐസിഎസ്ഇ നവീകരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പഠനസഹായി കൈത്തിരിയുടെ പ്രകാശനകർമം മൂവാറ്റുപുഴ ബിഷപ് ഡോ. ഏബ്രഹാം മാർ ജൂലിയോസ് നിർവഹിച്ചു. വിമലഗിരി ഇന്റർനാഷണൽ സ്കൂളിൽ നടന്ന ചടങ്ങിൽ പിടിഎ വൈസ് പ്രസിഡന്റ് റിജിമോൾ ജോൺ ആദ്യപതിപ്പ് ഏറ്റുവാങ്ങി. സ്കൂളിന്റെ സ്ഥാപകൻ ജോൺ വർഗീസ് ഈശ്വരൻകുടിയിൽ കോറെപ്പിസ്കോപ്പ, സ്കൂൾ മാനേജർ ഫാ. ജോയ് മാങ്കുളം എന്നിവർ പങ്കെടുത്തു.

എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിലെ ചോദ്യോത്തരങ്ങളും പത്താം തരത്തിലേക്കാവശ്യമായ വ്യാകരണങ്ങളും രചനാഭാഗങ്ങളുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മൂവാറ്റുപുഴ വിമലഗിരി ഇന്റർ നാഷണൽ സ്കൂളിൽ അധ്യാപികയായ മഞ്ജു എം.വർഗീസ് ആണ് കൈത്തിരിയുടെ രചയിതാവ്.

ബസുകളുടെ കാലാവധി: വിശദീകരണം തേടി

കൊച്ചി: സംസ്ഥാനത്തെ ബസുകൾ ഉൾപ്പെടെയുള്ള സ്റ്റേജ് കാര്യേജുകളുടെ കാലാവധി 20 വർഷമാക്കി വർധിപ്പിച്ച സർക്കാർ ഉത്തരവ് റദ്ദാക്കാൻ സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ നിലപാട് തേടി. സ്റ്റേജ് കാര്യേജുകളുടെ കാലാവധി 15 വർഷമായി നേരത്തെ നിജപ്പെടുത്തിയിരുന്നു.

ചട്ടത്തിൽ ഭേദഗതി വരുത്തിയാണു സ്റ്റേജ് കാര്യേജുകളുടെ കാലാവധി 20 വർഷമാക്കി സർക്കാർ ഉത്തരവിറക്കിയതെന്നും ഇതിനെതിരേ നിവേദനം നൽകിയിട്ടും പരിഗണിച്ചില്ലെന്നും ഹർജിയിൽ പറയുന്നു. കഴിഞ്ഞ ജനുവരി 29ന് ഇറങ്ങിയ ഉത്തരവിനെതിരേ ആലുവ എരുമത്തല സ്വദേശി പി.ഡി. മാത്യുവാണ് ഹർജി നൽകിയിരിക്കുന്നത്.

ട്രാൻസ്പോർട്ട് അഥോറിറ്റി നിയോഗിച്ച വിദഗ്ധ സമിതി കാലാവധി വർധിപ്പിക്കുന്നതിനെതിരേയാണു റിപ്പോർട്ട് നൽകിയതെന്നും 15 വർഷമെന്ന കാലാവധി 12 വർഷമായി കുറയ്ക്കണമെന്നാണു മോട്ടോർ വാഹന വകുപ്പിന്റെ റിസേർച്ച് ആൻഡ് ഡെവലപ്പ്മെന്റ് വിഭാഗം ശിപാർശ ചെയ്തതെന്നും ഹർജിയിൽ വ്യക്തമാക്കുന്നു. ഇതേത്തുടർന്ന് സ്റ്റേജ് കാര്യേജുകളുടെ സർവീസ് കാലാവധി വർധിപ്പിക്കണമെന്ന ആവശ്യം സർക്കാർ തള്ളിയിരുന്നതായും ഹർജിയിലുണ്ട്.

പെൺകുട്ടികൾക്കും കിക്കോഫ് പദ്ധതി വഴി ഫുട്ബോൾ പരിശീലനം

തിരുവനന്തപുരം: സംസ്ഥാന സർക്കാർ കായികയുവജനകാര്യാലയം വഴി നടപ്പാക്കുന്ന കിക്കോഫ് പദ്ധതിയിൽ ഫുട്ബോൾ കളിയിൽ തത്പരരായ പെൺകുട്ടികൾക്കും അവസരം. പയ്യന്നൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലാണ് പദ്ധതിക്കായി സെന്റർ അനുവദിച്ചിട്ടുള്ളത്. 2007 ജനുവരി ഒന്നിനും 2008 ഡിസംബർ 31നും ഇടയിൽ ജനിച്ച പെൺകുട്ടികൾക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാം.

കിക്ക് ഓഫ് പദ്ധതിയിലേയ്ക്ക് രജിസ്റ്റർ ചെയ്യാൻ www.sportskeralakickoff.org എന്ന വെബ്സൈറ്റിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. 15 മുതൽ 20 വരെ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് മൊബൈൽ ഫോണിൽ രജിസ്ട്രേഷൻ നമ്പർ എസ്എംഎസ് ആയി ലഭിക്കും. സെലക്ഷന് വരുമ്പോൾ രജിസ്ട്രേഷൻ നമ്പർ, ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും ലഭിച്ചിട്ടുള്ള സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ കഴിയാതെ വരുന്ന വിദ്യാർഥികൾക്ക് പ്രാഥമിക തെരഞ്ഞെടുപ്പിന് ഹാജരാക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം നേരിട്ട് ഗ്രൗണ്ടിൽ സജ്ജീകരിച്ച സ്പെഷൽ സ്പോട്ട് രജിസ്ട്രേഷൻ കൗണ്ടറിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.

ഐടി എക്സ്പോർട്ട്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

കാക്കനാട്: രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ 2018 -19 പദ്ധതിയിൽ ഇ-ഗവേണൻസ് വിഭാഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസിലേക്ക് ഐടി എക്സ്പോർട്ട്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിലുള ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. നിയമനം ഒരു വർഷത്തേക്കാണ്. ഐടി എക്സ്പോർട്ടിന് ബിടെക്/ ഐടി ഡിപ്ലോമ/ കംപ്യൂട്ടർ സയൻസ് യോഗ്യതയും രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ഡിസിഎ, മലയാളം, ഇംഗ്ലീഷ് ടൈപ്പിംഗ്, ഡാറ്റാ എൻട്രി യോഗ്യതയും ഒരു വർഷത്തെ പ്രവർത്തിപരിചയവും വേണം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 0484 2422290.

ഇഫ്ളുവിൽ ബിഎ, എംഎ, ബിഎഡ്, എംസിജെ

കരിയർ കോർണർ

ഹൈദരാബാദ് ആസ്ഥാനമായുള്ള ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി (ഇഫ്ളു) ഇംഗ്ലീഷിലും വിദേശ ഭാഷകളിലും പിഎച്ച്ഡി, എംഎ, ബിഎഡ്, ബിഎ കോഴ്സുകൾക്കും കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ മാസ്റ്റേഴ്സ് പ്രോഗ്രാമിനും അപേക്ഷ ക്ഷണിച്ചു. ഹൈദരാബാദ് മെയിൻ കാമ്പസിലും ഷില്ലോംഗ്, ലക്നോ കാമ്പസുകളിലുമാണ് കോഴ്സ് നടത്തുന്നത്. മാർച്ച് 9,10 തീയതികളിലാണ് പ്രവേശന പരീക്ഷ. ഫെബ്രുവരി 26നകം അപേക്ഷിക്കണം.

ബിരുദ കോഴ്സുകൾ: ബിഎ ഓണേഴ്സ് (ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജർമൻ, റഷ്യൻ, സ്പാനിഷ്), ബാച്ചിലർ ഇൻ കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, ബിഎഡ് ഇംഗ്ലീഷ്.

ബിരുദാനന്തര ബിരുദ കോഴ്സുകൾ: എംഎഡ്, എംഎ (ഇംഗ്ലീഷ്, ലിംഗ്വിസ്റ്റിക്സ്, അറബിക്, ഫ്രഞ്ച്, ജർമൻ, റഷ്യൻ, സ്പാനിഷ്), മാസ്റ്റേഴ്സ് ഇൻ കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, മാസ്റ്റേഴ്സ് ഇൻ കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ലിംഗ്വിസ്റ്റിക്സ്, കംപാരറ്റീവ് ലിറ്ററേച്ചർ, ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ്.

പിജി ഡിപ്ലോമ: ടീച്ചിംഗ് ഓഫ് ഇംഗ്ലീഷ്, അറബിക്. പിഎച്ച്ഡി: ഇംഗ്ലീഷ് ലാംഗ്വേജ് എഡ്യൂക്കേഷൻ, ലിംഗ്വിസ്റ്റിക്സ് ആൻഡ് ഫൊണറ്റിക്സ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ഇന്ത്യൻ ആൻഡ് വേൾഡ് ലിറ്ററേച്ചർ, കംപാരറ്റീവ് ലിറ്ററേച്ചർ, സോഷ്യൽ എക്സ്ക്ലൂഷൻ സ്റ്റഡീസ്, ട്രാൻസലേഷൻ സ്റ്റഡീസ്, ഫിലിം സ്റ്റഡീസ്, കൾച്ചറൽ സ്റ്റഡീസ്, ഹിന്ദി, അറബിക് ലിറ്ററേച്ചർ, ഫ്രഞ്ച് സ്റ്റഡീസ്, റഷ്യൻ ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ലിറ്ററേച്ചർ.

പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ. തിരുവനന്തപുരം, അഹമ്മദാബാദ്, അലഹാബാദ്, ആനന്ദ്, ബംഗളൂരു, ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡിഗഡ്, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ജയ്പൂർ. ജമ്മു, കോൽക്കത്ത, ലക്നോ, മംഗലാപുരം, മുംബൈ, നാഗ്പൂർ, പാറ്റ്ന, പൂന, റാഞ്ചി, ഷില്ലോഗ്, വിജയവാഡ എന്നിവിടങ്ങളിലാണു പരീക്ഷാ കേന്ദ്രങ്ങൾ. ഓൺലൈനായി രണ്ടു കോഴ്സുകൾക്കു വരെ അപേക്ഷിക്കാം.

എന്നാൽ പരീക്ഷാ സമയക്രമം പരിശോധിച്ച ശേഷം വേണം അപേക്ഷിക്കാൻ. അപേക്ഷാ ഫീസ് 500 രൂപ. (പട്ടിക ജാതി-വർഗക്കാർക്ക് 250 രൂപ).

ഒബ്ജക്ടീവ് മാതൃകയിൽ കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ രണ്ടു മണിക്കൂർ ദൈർഘ്യമുള്ളതാണ്.

യോഗ്യത: ബിഎ (ഓണേഴ്സ്)- പ്ലസ്ടു. എംഎ എംസിജെ- 55 ശതമാനം മാർക്കോടെ ബിരുദം. എംഎ (ഇംഗ്ലീഷ്, ഹിന്ദി)-ഏതെങ്കിലും വിഷയത്തിൽ ബിരുദം. മാസ്റ്റേഴ്സ് ഇൻ കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്- ലിംഗ്വിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, മാത്തമാറ്റിക്സ്, ഫിസിക്സ് എന്നിവയിൽ 55 ശതമാനം മാർക്കോടെ ബിരുദം.

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇൻ ഇംഗ്ലീഷ്-ഇംഗ്ലീഷ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ലിംഗ്വിസ്റ്റിക്സ് എന്നിവയിൽ 55 ശതമാനം മാർക്കോടെ എംഎ. ബിഎഡ് (ഇംഗ്ലീഷ്)-50 ശതമാനം മാർക്കോടെ ഇംഗ്ലീഷിൽ ബിഎ അല്ലങ്കിൽ എംഎ. 50 ശതമാനം മാർക്കോടെ ബിഎ പാസായി അവസാന വർഷ എംഎ പഠിക്കുന്നവർക്കും അപേക്ഷിക്കാം.

വിലാസം: കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി, ഹൈദരാബാദ്-500 007. ഫോൺ: 040 27689447.

കെപിഎസിയുടെ 'മഹാകവി കാളിദാസൻ' 22ന്

കൊച്ചി: കെപിഎസിയുടെ 640മതു നാടകം 'മഹാകവി കാളിദാസൻ' 22 ന് വൈകിട്ട് 6.30നു കൊച്ചി ഐഎംഎ ഹൗസിൽ നടക്കും. വിശ്വമഹാകവി കാളിദാസന്റെ കാലിക പ്രസക്തമായ ജീവിതാധ്യായങ്ങൾക്ക് അരങ്ങിന്റെ സ്വതന്ത്ര വ്യാഖ്യാനമാണിത്.

പ്രളയാന്തരം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി ശാഖ സംഘടിപ്പിക്കുന്ന എട്ട് മെഗാ മെഡിക്കൽ ക്യാമ്പുകളുടെ ഭാഗമായിട്ടാണ് നാടക പ്രദർശനം. പ്രവേശന പാസുകൾ ഐഎംഎയിൽ ലഭിക്കും.

WESTERN SOLUTIONS
Your Excellence is Our Passion
GET YOUR Exam Fees Refunded
IELTS
OET
PTE
ONLINE & BLENDED TRAINING
Call us today for Free Assessment!
9061449000
9061229000
E1901-391494

അനുഗ്രഹസ്മരണ



ഒരു വിശ്വാസി, കാരികുളം

K1902-393672

നഷ്ടപ്പെട്ടു

RC ബുക്ക് നഷ്ടപ്പെട്ടു

KL-56C 8424 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്നറിയിച്ച് ടി വാഹനത്തിന്റെ ഉടമ DHANYESH CHELLAPPAN, THEVARUKUDIYIL (H), KUTHUKUZHI P.O, MARAMANGALAM ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

എന്ന്
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കോതമംഗലം

E1902-393713

CHANGE OF NAME

I SUKUMARAN, PARAYIL HOUSE, VALACHIRA, MANIKINAR P.O., KOTHA MANGALAM holder of Indian passport No. S 2915272 hereby change my name as SUKUMARAN PARAYIL PARAMESWARAN.

E1902-393712

NEED NURSES MANAGER
Qualification: BSc / MSc in Nursing with clinical experience and management skills.
Apply to **HR Manager, St.James' Hospital, Chalakudy-**680 307, email: stjameshospitalhr@gmail.com
Ph: 0480 2710271
T1902-393691

ടെണ്ടർ

കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ആലുവ
ഇലക്ട്രോണിക് ദർഘാസ് പരസ്യം

ഇ-ദർഘാസ് നമ്പർ 108/18-19-ഡെപ്പോസിറ്റ് ജോലി-വെങ്ങോല പഞ്ചായത്തിലെ വാർഡ് 1 മേച്ചേരിമറ്റത്തിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്ന ജോലി. ഉദ്ദേശം അടങ്കൽ തുക രൂ. 1,05,331/-, നിരതദ്രവ്യം രൂ. 2,700/-, ഫോറവില രൂ. 560/- ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 22/2/2019. 11 എ.എം. വരെ. തുറക്കുന്ന തീയതി26/2/2019. 11 എ.എം.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
ഫോൺ: 0484-2626948

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ

E1902-393680

ദീപിക ക്ലാസിഫൈഡ്സ്

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

വിദ്യാഭ്യാസം

സേഫ്റ്റി ഓഫീസർ ട്രെയിനിംഗ്
30 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കേരളത്തിലെ ആദ്യ Safety Officer Training അക്കാഡമിയിൽ നിന്നു തന്നെ ഒരു മാസം കൊണ്ട് Perfect Safety Officer ആകുക.സൗജന്യ താമസവും, കോഴ്സിനുശേഷം താൽപര്യമുള്ളവർക്ക് ശമ്പളത്തോടെ ട്രെയിനിഗും Placement Assistance ഉം. NEBOSH മികച്ച രീതിയിൽ വിജയിക്കുവനും ഈ course ഫലപ്രദം. കൂടാതെ IOSH, NEBOSH, First Aidപരിശീലനവും. Safety Engineering ൽ ഡോക്ടററ് ഉള്ള ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ഡോ. ബി. ജയപ്രകാശ് നേരിട്ടു ക്ലാസുകൾ നൽകുന്നു.
SAFETY TECH MANAGEMENT
Edapally, Ernakulam.
0484-2335554,9387 887657
85470 29026, 9447 36859
YouTube Jayaprakashsafety
E1901-392330

പണയസ്വർണം

പണയസ്വർണ്ണം പത്രവിലയ്ക്ക്
വിൽക്കുവാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ദുബായ് ഗോൾഡ്, ആലപ്പുഴ
Ph: 92077 04455
98954 38557
K1902-392835

ഹോംനഴ്സിംഗ്

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം, (Female, Male) വീട്ടുജോലി, ശിശുപരിപാലനം, പ്രസവശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി ലഭിക്കേണ്ടവരും ബന്ധപ്പെടുക.
കൃപ ഹോം നേഴ്സിംഗ്
(ഈരാറ്റുപേട്ട റോഡ്)
ഗവ.ആയുർവേദ ആശുപത്രിക്ക് സമീപം
മുട്ടം, തൊടുപുഴ
Ph: 7902857211
04862-255982
K1812-390063

ടൂർസ് & ട്രാവൽസ്

വിശുദ്ധനാട് തീർത്ഥാടനം
പാലാ രൂപത വൈദികരുടെ ആത്മീയ നേതൃത്വത്തിൽ 25 വർഷത്തെ സേവനപാരമ്പര്യമുള്ള സിയാ ട്രാവൽസിൽനിന്നും ഏപ്രിൽ 5, 24, മെയ് 16 തീയതികളിൽ പാലായിൽനിന്നും പുറപ്പെടുന്നു.
സിയാ ട്രാവൽസ്, പാലാ
Mob: 9447037518
K1902-393445

ഖത്തറിലും ദുബായിലും ജോലിക്ക് ശ്രമിക്കാനൊരു വിസിറ്റിങ് പാക്കേജ്
ഈസി ട്രാവൽ
തിരുവനന്തപുരം 9387276600
കൊച്ചി 9387686600
കോട്ടയം 9387886